# കാളി

## അശ്വതി ശ്രീകാന്ത്

കണ്ടുമറന്നതോ, പറഞ്ഞുപിരിഞ്ഞതോ ആയ പെൺജീവിതങ്ങളെക്കുറിച്ചുള്ള എഴുത്തുകൾ. അഥവാ ഉള്ളിൽ ഇപ്പോഴും തോർന്നിട്ടില്ലാത്ത സ്വപ്നസന്നിഭമായ മഴപ്പെയ്ത്തുകൾ. സകല പെൺഭാവങ്ങളെയും ഉൾക്കൊള്ളുന്ന ഒമ്പത് കഥകൾ.

വായനക്കാർ ഹൃദയത്തിലേറ്റിയ 'ഠാ' യില്ലാത്ത മുട്ടായികൾ, മഴയുറുമ്പുകളുടെ രാജ്യം തുടങ്ങിയ കൃതികളിലൂടെ ശ്രദ്ധേയയായ അശ്വതി ശ്രീകാന്തിന്റെ ഏറ്റവും പുതിയ പുസ്തകം.

LITMUS
www.dcbooks.com
ചെറുകഥ
കവർ ഡിസൈൻ
ശ്രീജിത് എം.ടി.
ISBN 978-93-5732-731-2
9 789357 327312 00021
₹ 199
E-book Available
കവർ ഫോട്ടോ: ജൈനസ് അടിവാട്

അശ്വതി ശ്രീകാന്ത് • കാളി
LITMUS

21-ാം പതിപ്പ്

# കാളി
KAALI



അശ്വതി ശ്രീകാന്ത്

LITMUS

2561

# കാളി

## കെ എൽ എഫ്, കേരളസംസ്കാരം

1957-ൽ കോട്ടയത്ത് അഞ്ചുദിവസം നീണ്ടുനിന്ന സാഹിത്യ പരിഷത്ത് സമ്മേളനമാണ് കേരളത്തിലെ ആദ്യത്തെ സാഹിത്യോത്സവം. സ്വകാര്യ സാഹിത്യകൂട്ടായ്മകൾ മാത്രമാണ് അതുവരെ പരിചിതമായ മാതൃക. സാഹിത്യപരിഷത്ത് സമ്മേളനം അന്നുവരെ കേരളം കണ്ടതിൽവെച്ച് ഏറ്റവും വലിയ സാംസ്കാരികോത്സവമായിരുന്നു. ആധുനികകേരളത്തിന്റെ സാംസ്കാരിക വളർച്ചയുടെ അടിത്തറ ഈ സമ്മേളനമാണ്.

സമ്പൂർണ്ണ സാക്ഷരത, സാംസ്കാരികവകുപ്പ്, പുസ്തകങ്ങളുടെ വില്പനനികുതി ഒഴിവാക്കൽ, പേപ്പർബാക്ക് വിപ്ലവം എന്നീ ആശയങ്ങളുടെ ആവിഷ്കർത്താവായ ഡി സി കിഴക്കെമുറിയായിരുന്നു സമ്മേളനത്തിന്റെ മുഖ്യസംഘാടകൻ. അദ്ദേഹത്തിന്റെ ദർശനങ്ങളുടെ വിശ്വോത്തര ആവിഷ്കാരമാണ് ഡി സി ബുക്സ് 2016-ൽ കോഴിക്കോട് ബീച്ചിൽ ആരംഭിച്ച, ഏഷ്യയിലെ ഏറ്റവും വലിയ സാഹിത്യോത്സവമായ കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ (കെ എൽ എഫ്). സാഹിത്യം, കല, ശാസ്ത്രം, ചരിത്രം തുടങ്ങി എല്ലാ മേഖലകളിലുമുള്ള തുറന്ന സംവാദമാണ് കെ എൽ എഫിന്റെ മുഖമുദ്ര. വായനസംസ്കാരത്തിന് ഊർജ്ജം പകർന്ന്, കേരളത്തിന്റെ എല്ലായിടങ്ങളിലും നടക്കുന്ന സാഹിത്യോത്സവങ്ങൾക്ക് മാതൃകയായ കെ എൽ എഫ് എല്ലാവർഷവും ജനുവരി മാസത്തിലാണ് നടക്കുന്നത്.

www.keralalitfest.com

ആഴത്തിലറിയാം ഏറ്റവും പുതിയ സാഹിത്യവർത്തമാനങ്ങൾ... dcink.in

**അശ്വതി ശ്രീകാന്ത്**

ടെലിവിഷൻ അവതാരക, റേഡിയോ ജോക്കി, എഴുത്തുകാരി, അഭിനേത്രി എന്നീ നിലകളിൽ മികവ് തെളിയിച്ചു. 2020-ൽ മികച്ച നടിക്കുള്ള കേരള സ്റ്റേറ്റ് ടെലിവിഷൻ അവാർഡ് ലഭിച്ചു. *'ഠാ'യില്ലാത്ത മുട്ടായികൾ*, *മഴയുറുമ്പുകളുടെ രാജ്യം* എന്നിവയാണ് മറ്റു കൃതികൾ.

ഡി സി ബുക്സ് പ്രസിദ്ധീകരിച്ച ചെറുകഥകൾ പരിചയപ്പെടുവാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.

# കാളി

**അശ്വതി ശ്രീകാന്ത്**

LITMUS

**Litmus**
*An imprint of* **D C Books**
DC Kizhakemuri Edam
Good Shepherd Street
KERALA, INDIA-686 001

MALAYALAM LANGUAGE
Kāli

SHORT STORY
*by* Aswathy Sreekanth

ILLUSTRATION
V.R. Ragesh

Rights Reserved
First Published January 2024
This edition–August 2025

P-ISBN: 978-93-5732-731-2
E-ISBN: 978-93-5732-874-6

Distributors : D C Books-Current Books, INDIA

Printed in India: D C Press, Kottayam, INDIA.

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Aswathy Sreekanth.
Kaali/Aswathy Sreekanth.
144 p, 21 cm.
ISBN 978-93-5732-731-2.
1. Malayalam story. I. Title.
894.812 301-dc 22.

*This is a work of fiction. The names, characters, places, incidents are all subject to author's imagination and used fictitiously. Any resemblance to actual events, places or persons, living or dead is purely coincidental.*

*This book is produced from independently certified FSC® paper to ensure responsible forest management.*

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

: www.dcbooks.com : www.dcbookstore.com
: ebooks.dcbooks.com : customercare@dcbooks.com : 7290092216

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

1001/25-26-Sl.No. 28990-dcb 8581-(21)-5000-3287-08-25-hn 60-T4-e dd-d(t) bs

*ഈ ഭൂമിയിലെ സകലപെണ്ണുങ്ങൾക്കും*
*അവരാൽ സ്നേഹിക്കപ്പെട്ടവർക്കും...*

# ആമുഖം

ഒരു മാസംകൊണ്ടെഴുതിയ ഒൻപത് കഥകൾ. അതാണീ പുസ്തകം. ആദ്യത്തെ പുസ്തകം എഴുതി പൂർത്തിയാക്കിയിട്ട് പേന ഒരിടത്തുവച്ചതാണ്. പിന്നെ തൊട്ടിട്ടില്ല. വർഷം ഒന്ന്, രണ്ട്, മൂന്ന്, നാല് അങ്ങനെ പൊയ്ക്കൊണ്ടിരുന്നു. അടുത്തത് എപ്പോഴാണെന്ന് ഒരുപാട് പേർ ചോദിച്ചു. ഉടനെയെന്ന് ഞാൻ വെറുംവാക്ക് പറഞ്ഞു. സംഭവം എന്താന്നുവച്ചാൽ, എഴുതണമെന്ന് കരുതും, മടികൊണ്ടും മറ്റു തിരക്കുകൾ കൊണ്ടും പിന്നെയാവാം എന്ന് വിചാരിക്കും. ഇടയ്ക്കൊക്കെ ഞാൻ എന്നെത്തന്നെ വഴക്കു പറഞ്ഞ് എഴുത്തിനിരുത്തും. മൊബൈലിന്റെ നോട്ട്പാഡിൽ രണ്ടോ മൂന്നോ വരി കുറിച്ചിട്ട് ഞാൻ താത്കാലികമായി കുറ്റബോധത്തിൽനിന്ന് രക്ഷപ്പെടും. സ്വന്തം സന്തോഷത്തിനുവേണ്ടിമാത്രം വല്ലപ്പോഴും കവിതകൾ എഴുതിയത് മാത്രമാണ് ആ കാലത്തെ ആകെ ആശ്വാസം. ഇടയ്ക്കൊക്കെ പഴയ പുസ്തകം എടുത്തുനോക്കും, ഇത് ഞാനെഴുതിയതോയെന്ന് ശങ്കിക്കും. ഇനിയൊരിക്കലും ഇങ്ങനൊന്ന് എഴുതാൻ എനിക്കു കഴിയില്ലെന്ന് സങ്കടപ്പെടും. എഴുത്തെന്നെ അത്രത്തോളം വിട്ടുപോയിരുന്നു.

ഇടയ്ക്കെപ്പോഴോ ഒരു നോവൽ എഴുതണമെന്നൊരു ഉൾവിളി വന്നു. രണ്ടാഴ്ച ഒരേയിരുപ്പിരുന്നു. അഞ്ചാറു ചാപ്റ്ററുകൾ എഴുത്തുതീർത്തപ്പോൾ ചെറിയൊരു സന്തോഷമൊക്കെ തോന്നി, ഏറ്റവും അടുത്ത സുഹൃത്തുക്കൾക്ക് അയച്ചു. അടുത്ത ചാപ്റ്റർ വേഗം തരൂ എന്നവർ പറഞ്ഞപ്പോൾ ആത്മവിശ്വാസമായി. പക്ഷേ, മറ്റെന്തോ തിരക്കുകളിൽ പെട്ട് കുറച്ച് ദിവസം മാറിനിന്നിട്ട് തിരികെ വന്നപ്പോൾ എഴുതിവച്ച കഥാപാത്രങ്ങൾ എന്നെ നോക്കി 'ആരാ, എന്തു വേണം' എന്ന് ചോദിച്ചു. അവരെയൊന്നും യാതൊരു പരിചയവും തോന്നാത്തതുകൊണ്ട് ഞാൻ പിന്നെ ആ വഴിക്കു പോയില്ല. എഴുത്ത് വീണ്ടും നിന്നു.

ഡി സി ബുക്സിലെ ദീപ്തിയോട് ഒരു മാസത്തിനുള്ളിൽ ഈ പുസ്തകം പൂർത്തിയാക്കി നൽകാം എന്ന് വാക്ക് കൊടുക്കുമ്പോൾ എന്റെ കൈയിൽ പൂർത്തിയാക്കിയ ഒരൊറ്റ കഥ പോലുമില്ലായിരുന്നു.

മൊബൈലിൽ പലപ്പോഴായി കുറിച്ചിട്ട ഒറ്റവരികളുമായി ഞാൻ എഴുത്തിനിരുന്നു. ചില കഥകളുടെ തുടക്കം, ചിലരുടെ പേരുകൾ, ചില കഥകളുടെ അവസാനം...വേറെ യാതൊന്നുമില്ല. പത്തു ദിവസത്തോളം ഉള്ളിലൊന്നും തെളിയാതെ ഞാൻ തെക്കുവടക്ക് നടന്നു. യാതൊന്നും കാണാതെ വാക്ക് കൊടുത്ത എന്റെ അമിത ആത്മവിശ്വാസത്തെയോർത്ത് എനിക്കുതന്നെ പുച്ഛം തോന്നി.

അങ്ങനെയൊരു ദിവസം എവിടുന്നോ ഒരുറവ പൊട്ടി അകംപുറം നനച്ച് മെല്ലെ ഒഴുകിത്തുടങ്ങി. ഷൂട്ടിങ് ലൊക്കേഷനിലെ ഇടവേളകളിൽ, കുഞ്ഞുങ്ങൾ ഉറങ്ങിക്കഴിഞ്ഞുള്ള രാത്രിനേരങ്ങളിൽ, യാത്രകൾക്കിടയിൽ ഒക്കെയും ഞാൻ എഴുതിക്കൊണ്ടേയിരുന്നു. കഥകൾ ഒന്നിന് പുറകെ ഒന്നായി ഇനി ഞാൻ എന്ന മട്ടിൽ മുന്നിൽ വന്നു നിരന്നുനിന്നു.

അടുത്ത സുഹൃത്തുക്കളോട് കഥയെക്കുറിച്ചുമാത്രം സംസാരിച്ചു. അവർ ക്ഷമയോടെ കേട്ടു, അഭിപ്രായങ്ങൾ പറഞ്ഞു. അവരിൽ ചിലർക്ക് പൂർത്തിയായത് ഓരോന്നായി അയച്ചുകൊടുത്തു. ഒന്ന്, രണ്ട്, മൂന്ന്, നാല്...കഥകൾ പൂർത്തിയാവുന്നതനുസരിച്ച് എന്നോടൊപ്പം അവരും എണ്ണിക്കൊണ്ടിരുന്നു. അക്ഷരാർത്ഥത്തിൽ ഞാൻ ഈയൊരുമാസം ഒരു പാരലൽ വേൾഡിൽ ആയിരുന്നു. കാരണമില്ലാതെ സന്തോഷിച്ചും സങ്കടപ്പെട്ടും അരിശപ്പെട്ടും പ്രണയിച്ചും വെറുത്തും ചുറ്റുമുള്ളവരെ വെറുപ്പിച്ചും ഒരു മാസം. എന്താ ഫോൺ എടുക്കാത്തത്, എന്താ ശ്രദ്ധിക്കാത്തത്, എന്താ സംസാരിക്കാത്തത്, എന്താ ഓർമ്മിക്കാത്തത്, എന്താ കേൾക്കാത്തത്, എന്താ മറുപടി തരാത്തത് എന്നിങ്ങനെ പരാതികളുടെ ഒരു നീണ്ട ലിസ്റ്റ് ചുറ്റും ഉയർന്നിട്ടുണ്ട്. 'അമ്മ എഴുതി തീർന്നില്ലേ' എന്ന് പത്മയും 'അമ്മ എന്താ എയുതണേ'ന്ന് കമലയും നിരന്തരം ചോദിച്ചിരുന്നു. ഞാനതൊക്കെ കേട്ടിട്ടും കേൾക്കാതെ സാവിത്രിയായി, താരയായി, ആനിയമ്മയായി, ചന്ദ്രയായി, സജിതയായി, ചിത്തിരയായി,



അമ്പിളിയായി, രശ്മിയായി, വീണയായി ഒരു മാസം പരകായ പ്രവേശം ചെയ്തതുപോലെ നടക്കുകയായിരുന്നു.

എട്ടെണ്ണം എഴുതിത്തീർന്നപ്പോൾ 'ടൈം അപ്പ്' എന്ന ബെല്ലടിച്ചു ഡി സി ബുക്സ്. കൂടുതൽ സമയം വേണമെങ്കിൽ ഒന്നോ രണ്ടോ മാസം കഴിഞ്ഞാവാം പുസ്തകമിറക്കൽ എന്ന് ദീപ്തി പറയുകയും ചെയ്തു. ആദ്യത്തെ പുസ്തകത്തിനുശേഷം ആറു വർഷം കിട്ടിയിട്ടും ഒന്നുമെഴുതാത്ത എനിക്ക് അങ്ങനൊരു സമയക്കൂടുതൽകൊണ്ട് ഗുണമുണ്ടാകുമോ എന്ന് സംശയം തോന്നിയതുകൊണ്ട് അത് വേണ്ടെന്നു പറഞ്ഞു. അപ്പോഴതാ ഒൻപതാമത് ഒരെണ്ണം പഴയ ഡ്രാഫ്റ്റിൽനിന്ന് കണ്ടുകിട്ടി. പിന്നെ പേരെന്തിടണമെന്നായി. പെണ്ണുങ്ങളുടെ കഥകളുള്ള പുസ്തകമാണ്, അതിലെ ഏറ്റവും പ്രിയപ്പെട്ട കഥയുടെ പേര് സകല പെൺഭാവങ്ങളെയും ഉൾക്കൊള്ളാൻ പോന്നതാകയാൽ അതുതന്നെയാവട്ടെ പുസ്തകത്തിന്റെയും പേരെന്നുറപ്പിച്ചു.

അങ്ങനെയാണിത് 'കാളി' ആയത്. എനിക്കറിയുന്നതോ ഞാൻ കടന്നുപോയതോ ആയ പല സ്ത്രീജീവിതങ്ങളും ഇതിൽ വന്നുപോയിട്ടുണ്ട്. അതുകൊണ്ടുതന്നെ അവരെ നിങ്ങൾക്കും പരിചയമുണ്ടാവും, മറ്റൊരിടത്ത്, മറ്റൊരു പേരിൽ, മറ്റൊരു രൂപത്തിൽ അവരെ നിങ്ങൾ കണ്ടിട്ടുണ്ടാവാം. അല്ലെങ്കിൽ അവർ നിങ്ങൾതന്നെ ആയിരിക്കാം. കണ്ടുമുട്ടിയാൽ എന്നെങ്കിലും എന്നോട് പറയണം.

ഇനിയും എഴുതിയേക്കാം, ഒന്നും എഴുതാതെ വർഷങ്ങൾ കഴിച്ചേക്കാം. അതെന്തുതന്നെ ആയാലും മറ്റെന്തിനെക്കാളും എന്നെ ഞാനാക്കി നിർത്തുന്നത് എഴുത്താണെന്ന തിരിച്ചറിവിന് വീണ്ടും അടിവരയിട്ടുകൊണ്ട് ഇത് നിങ്ങൾക്ക് തരുന്നു.

**അശ്വതി ശ്രീകാന്ത്**

## ഉള്ളടക്കം

കൊക്കൂൺമുതൽ ആകാശംവരെ ................................13
പൊരുത്തം ................................27
കാളി................................41
മൾബറി................................53
ചിത്തിര................................67
ചന്ദ്ര ................................77
ഓൺ എയർ ................................97
കാടിറങ്ങുമ്പോൾ ................................115
കള്ളി ................................129